**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2537** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് നഗരസഭാ സെക്രട്ടറിക്കെതിരെയുള്ള പരാതിയിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് നഗരസഭാസെക്രട്ടറിയുടെ വീഴ്ച്ചകൾ ചൂണ്ടിക്കാണിച്ച് ഹരിപ്പാട് നഗരസഭ ചെയർമാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുള്ള കൗൺസിൽ പ്രമേയത്തിന്മേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന കാര്യം അറിയിക്കാമോ; | (എ) | ഹരിപ്പാട് നഗരസഭ സെക്രട്ടറിയുടെ വീഴ്ചകൾ ചൂണ്ടിക്കാണിച്ച് ഹരിപ്പാട് നഗരസഭ ചെയർമാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകിയിട്ടുള്ള കൗൺസിൽ പ്രമേയത്തിന്മേൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | ഹരിപ്പാട് നഗരസഭാസെക്രട്ടറിയുടെ കൃത്യവിലോപം കാരണം, എം.എൽ.എ. ഫണ്ടിന്റെ വിനിയോഗത്തിൽ അടക്കം വന്നിട്ടുള്ള കാലതാമസവും പ്രതിസന്ധിയും പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | ഹരിപ്പാട് നഗരസഭാസെക്രട്ടറിയുടെ കൃത്യവിലോപം കാരണം എം.എൽ.എ. ഫണ്ടിന്റെ വിനിയോഗത്തിൽ അടക്കം കാലതാമസവും പ്രതിസന്ധിയും വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ